CHRISTIAN MUSICOLOGICAL SOCIETY OF INDIA



# വിവാഹം

## Knanaya Catholic Region

St. Thomas Syro-Malabar Catholic Diocese of Chicago

*(For private use only)*



*(ഒരുക്കങ്ങൾ: താലി, മന്ത്രകോടി, മോതിരം, ജപമാല, പനിനീർ, നിലവിളക്ക്, തീപ്പെട്ടി, ബൈബിൾ, സാക്ഷികൾ)*

### പ്രാരംഭ ഗീതം

മാലാഖമാർ പാടുന്ന സമയം
സ്വർഗം തുറക്കുന്ന സമയം
ഏദേൻ കുടുംബത്തിൽ കർത്താവാം ദൈവം
അനുഗ്രഹം ചൊരിയുന്ന സമയം.

ഇസ്രായേലിൻ പ്രിയജനമായി
ആദിയിൽ ഉടമ്പടി ചെയ്തു ഞാൻ
ജീവിതകാലം കൃപയോടെ വാഴാൻ
വിശ്വസ്തമാം ബലിയാകാം.

മാലാഖമാർ ....

തിരുസഭയിൽ നവഗേഹമായി
ക്രിസ്തുവിൽ ഉടമ്പടി ചെയ്തിടുമ്പോൾ
ദാമ്പത്യ വല്ലരി പൂവണിയാൻ
സ്നേഹത്തിൻ ക്രൂദാശയാകാം

മാലാഖമാർ ....

### പകരം

ആദിയിലഖിലേശൻ, നരനേ സൃഷ്ടിച്ചു;
അവനൊരു സഖിയുണ്ടായ്; അവനൊരു തുണയുണ്ടായ്.

ആദിയിലഖിലേശൻ ...

വാനവർ സാക്ഷികളാം, പാവന മംഗല്യം
ആദേൻ വനികയിലേ, ആദിമ ദമ്പതിമാർ

ആദിയിലഖിലേശൻ ...

ഇരുമെയ്യല്ലവരീ, ധരമേലൊരുനാളും
ഏകശരീരം പോൽ, വാഴണമെന്നാളും.

ആദിയിലഖിലേശൻ ...

*(ദിവ്യബലി ഉണ്ടെങ്കിൽ)*

**സ്നേഹത്തിന്റെ കല്പന** (യോഹ. 13:34-35)

**കാർമ്മി:** അന്നാപെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽ ചേർന്നീടാം
ഒരുമയോടി ബലിയർപ്പിക്കാം.

**സമൂഹം:** അനുരഞ്ജിതരായ് തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***(പകരം ഗാനം)***

**കാർമ്മി:** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതി ഗീതം.

**സമൂഹം:** ഭൂമിയിലെങ്ങും മർത്യനു ശാന്തി
പ്രത്യാശയു മെന്നേക്കും.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സ സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, വിവാഹത്താൽ ബന്ധിതരായി ഹൃദയൈക്യത്തിൽ ജീവിക്കുവാൻ ഈ ദാസരെ അങ്ങു വിളിച്ചുവല്ലോ. സ്വർഗ്ഗീയ വരങ്ങളാൽ

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



ഈ വധൂവരന്മാരെ സമ്പന്നരാക്കുകയും അങ്ങയുടെ കല്പനകൾ പാലിച്ച് മാതൃകാപരമായി ജീവിക്കുന്ന കുടുംബത്തിനു രൂപം നല്കുവാൻ ഇവരെ സഹായിക്കുകയും ചെയ്യണമേ. അങ്ങയുടെ മഹത്വത്തിനും മനുഷ്യകുലത്തിന്റെ നന്മയ്ക്കും വേണ്ടി ഈ കൂദാശ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**സങ്കീർത്തനം 45, 128**

**കാർമ്മി:** എന്റെ പുത്രീ, ശ്രദ്ധിച്ചുകേൾക്കുക.
നിന്റെ ജനത്തെയും പിതൃഗൃഹത്തെയും നീ മറന്നുകളയുക.
*(കാനോനാ)* ഞങ്ങളുടെ രക്ഷകന്റെ മണവാട്ടിയായ
സഭയെ, നീ സന്തോഷിക്കുക.
നിത്യനായ ദൈവം തന്റെ സ്നേഹംമൂലം
നിന്നെ തന്റെ മണവാട്ടിയായി തിരഞ്ഞെടുത്തു.

**സമൂ:** രാജ പുത്രിയുടെ അഴകെല്ലാം ആന്തരികമാകുന്നു.
അവളുടെ മേലങ്കി പൊന്നുപൊതിഞ്ഞതാകുന്നു.

**കാർമ്മി:** വിലയേറിയ കാഴ്ചകളുമായി
രാജാവിനെ അവൾ സന്ദർശിക്കും.
തോഴികളായ കന്യകമാർ അവളെ അനുഗമിക്കും.

**സമൂ:** അവർ ഉല്ലാസഭരിതരായി
രാജകൊട്ടാരത്തിൽ പ്രവേശിക്കും.
എല്ലാ തലമുറകളും അവിടുത്തെ നാമം അനുസ്മരിക്കും.

**കാർമ്മി:** നിന്റെ ഭാര്യ നിന്റെ ഭവനത്തിൽ
വിളഞ്ഞുകിട ക്കുന്ന മുന്തിരിവള്ളിയാകും.
നിന്റെ മക്കൾ മേശക്കു ചുറ്റും
സൈത്തു മുളകൾപോലെയുമായിരിക്കും.

**സമൂ:** കർത്താവിനെ ഭയപ്പെടുന്നവരെല്ലാം
ഇപ്രകാരം അനുഗ്രഹീതരാകും.
ജീവിതത്തിന്റെ ഓരോ ദിവസവും
കർത്താവ് സെഹിയോനിൽനിന്ന്
നിന്നെ അനുഗ്രഹിക്കുമാറാകട്ടെ.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും
സ്തുതി

**സമൂ:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** *(കാനോനാ)* ഞങ്ങളുടെ രക്ഷകന്റെ മണവാട്ടി
യായ സഭയെ, നീ സന്തോഷിക്കുക.
നിത്യനായ ദൈവം തന്റെ സ്നേഹം മൂലം
നിന്നെ തന്റെ മണവാട്ടിയായി തിരഞ്ഞെടുത്തു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടിനില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

*(താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് നിലവിളക്കോ തിരിയോ കത്തിക്കുന്നു. യൂണിറ്റി കാന്റിൽ ഈ സമയത്ത് കത്തിക്കാം).*

**കാർമ്മി:** ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു, എന്നെ അനുഗമിക്കുന്നവർ അന്ധകാരത്തിൽ നടക്കുന്നില്ല എന്നരുളിച്ചെയ്ത മിശിഹാ നമുക്കു മാർഗദീപമായരിക്കട്ടെ.

*(മദ്ബഹയുടെ വിരിനീക്കുന്നു എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞ് ശിരസ്സു നമിക്കുന്നു)*

സർവ്വാധിപനാം കർത്താവേ
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി
ന്നുത്തമരക്ഷയുമേകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

*(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)*

**കാർമ്മി:** എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും / ആത്മാക്കളെ രക്ഷിക്കുന്നവനും / ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു / സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



**സമൂ:** ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

**കാർമ്മി:** കർത്താവായ മിശിഹായേ, ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ. നമ്മുടെ അമ്മയായ പരിശുദ്ധ കന്യ കാമറിയത്തിന്റെയും, തിരുക്കുടുംബത്തിന്റെ നായകനായ മാർ യൗസേപ്പിന്റെയും മാദ്ധ്യസ്ഥ്യം ഇവരുടെ കുടുംബ ജീവിതത്തെ ഐശ്വര്യപൂർണ്ണമാക്കട്ടെ. സകല വിശുദ്ധ രുടെയും പ്രാർത്ഥന ഇവരെ സഹായിക്കുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂ: ആമ്മേൻ.

**കാർമ്മി:** അനന്തമായ സ്നേഹത്താൽ പുരുഷനും സ്ത്രീയു മായി മനുഷ്യരെ സൃഷ്ടിക്കുകയും സൃഷ്ടികർമ്മത്തിൽ അവരെ പങ്കാളികളാക്കുകയും ചെയ്ത കാരുണ്യവാനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. വിവാഹമെന്ന കൂദാശയാൽ, നിർമ്മലമായ സ്നേഹത്തിലും നിസ്വാർത്ഥമായ ആത്മസ മർപ്പണത്തിലും അവിടുന്ന് നിങ്ങളെ കാത്തുപരിപാലി ക്കട്ടെ. മിശിഹായുടെ അവയവങ്ങളും പരിശുദ്ധാത്മാവിന്റെ ആലയങ്ങളുമായ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും പ്രീതികരവുമായ സജീവബലിയായി ദൈവത്തിനു സമർ പ്പിക്കുവാൻ ഈ കൂദാശ നിങ്ങളെ ശക്തരാക്കട്ടെ. സന്താ നസൗഭാഗ്യം നല്കി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. പ്രാർത്ഥനയുടെ കൂട്ടായ്മയിൽ നിങ്ങളുടെ കുടുംബം അഭി വൃദ്ധി പ്രാപിക്കട്ടെ. നിങ്ങളുടെ ജീവിതം അവിടുന്ന് ഐശ്വര്യ പൂർണ്ണമാക്കുകയും നിങ്ങളുടെ ആശകളും പ്രതീ ക്ഷകളും അവിടുന്ന് സഫലമാക്കുകയും ചെയ്യട്ടെ. ആവശ്യ നേരത്ത് സഹായിക്കുവാൻ നിരവധി ആത്മാർത്ഥ സുഹൃ ത്തുക്കളെ ദൈവം നിങ്ങൾക്ക് പ്രദാനം ചെയ്യട്ടെ. സ്വർഗീയ മണവറയിൽ അവിടുത്തേക്കു സ്തുതിയും ബഹു മാനവും കൃതജ്ഞതയും സമർപ്പിക്കുവാൻ നിങ്ങൾ യോഗ്യ രാകട്ടെ. നവദമ്പതിമാരായ നിങ്ങളെയും ഈ തിരുക്കർമ്മ ങ്ങളിൽ പങ്കുചേർന്ന എല്ലാവരേയും ദൈവം ആശീർവദി ക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

സമൂ: ആമ്മേൻ

*(കുർബാന ചൊല്ലിയെങ്കിൽ)*

**കാർമ്മി:** *(താഴ്ന്നസ്വരത്തിൽ)* വിശുദ്ധീകരണത്തിന്റെ ബലി പീഠമേ സ്വസ്തി. ഞങ്ങളുടെ കർത്താവിന്റെ കബറിടമേ സ്വസ്തി. നിന്നിൽനിന്നു ഞാൻ സ്വീകരിച്ച കുർബ്ബാന കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ. ഇനി ഒരു ബലി അർപ്പിക്കുവാൻ ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

*(നിത്യസഹായമാതാവിന്റെ ഗാനം ആലപിക്കുമ്പോൾ നവദമ്പതികൾ മാതാവിന്റെ തിരുസ്വരൂപത്തിൽ പുഷ്പാർച്ചന നടത്തുന്നു).*

**(ഗാനം)**

നിത്യസഹായമാതേ,
പ്രാർത്ഥിക്കാ ഞങ്ങൾക്കായ് നീ
നിൻ മക്കൾ ഞങ്ങൾക്കായ് നീ,
പ്രാർത്ഥിക്ക സ്നേഹനാഥേ.

നീറുന്ന മാനസങ്ങൾ,
ആയിര-മായിരങ്ങൾ
കണ്ണീരിൻ താഴ്‌വരയിൽ,
നിന്നിതാ കേഴുന്നമ്മേ.

കേൾക്കണേ രോദനങ്ങൾ,
നല്കണേ നൽവരങ്ങൾ
നിൻ ദിവ്യ സൂനവിങ്കൽ,
ചേർക്കണേ മക്കളേ നീ.

നിത്യസഹായമാതേ ...

(നവദമ്പതികൾ തിരിച്ചെത്തിയശേഷം കാർമ്മികരും ഗായക സംഘവും രണ്ടു ഗണമായി ആലപിക്കുന്നു).

ബറുമറിയം ബറുമറിയം
ബറ് ആലാഹാ ദ്‌യെൽദസ് മറിയം

ഹാവീ കൗവ്ക്ക്വേ ബറുമറിയം
അക്സീ വിയൂസാ ബറുമറിയം

കന്തെശ് മയ്യാ ബറുമറിയം
ബ് മാമ്മോദീസേ ബറുമറിയം

ഏകൽ പെസഹാ ബറുമറിയം
അംതൽ മീദാവ് ബറുമറിയം

ശന്തർ റൂഹാ ബറുമറിയം
പാറേക്ക് ലേത്താ ബറുമറിയം

ശൂഹാ ലശ്മാക് ബറുമറിയം
മിൻകോൽ പൂമീൻ ബറുമറിയം

ല്ലാലം ആൽമീൻ ബറുമറിയം
ആമ്മേനവാമ്മേൻ ബറുമാറിയം

*(കാർമ്മികൻ ദമ്പതികളെ ആശിർവ്വദിച്ച് വിശുദ്ധ ജലം തളിക്കുന്നു).*

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS